LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്താൻ നടപടി

177 (1162) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള സർവ്വകലാശാല റേറ്റിംഗിൽ ഇടം നേടാനാകുംവിധം സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ആഗോള സർവ്വകലാശാല റേറ്റിംഗിൽ സ്ഥാനം പിടിക്കാൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ കർമ്മപദ്ധതികൾ സർക്കാർ - സർവ്വകലാശാലാ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലകളിൽ കാലാനുസൃതമായി മികവാർന്ന കോഴ്സുകൾ ലഭ്യമാക്കാനും യഥാസമയം പരീക്ഷ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ?

2020-21 അദ്ധ്യയനവർഷം വിവിധ സർവ്വകലാശാലകളിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. യഥാസമയം പരീക്ഷയും ഫലപ്രഖ്യാപനവും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) സർവ്വകലാശാലകളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി അവയുടെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സർവ്വകലാശാലകളെ ഉത്കൃഷ്ട സ്ഥാപനങ്ങളായി (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി അവയുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

1. 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികൾ

- ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ
- ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അധ്യാപകരുടെ നിയമനം
- സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ
- 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ.
- മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ
- സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം

2. ആധുനിക ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിലുള്ള യു.ജി./പി.ജി. ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ ആരംഭിക്കാനുള്ള തീരുമാനം

3. സർവ്വകലാശാലകളുടെ അക്കാദമിക, പരീക്ഷാ പ്രവർത്തനങ്ങൾക്കായി നടക്കുന്ന ആധുനികവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും.

(ഡി) സർവ്വകലാശാലകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യാനുസരണം ജീവനക്കാർ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

ബയോടെക്നോളജി വിഭാഗത്തിലെ തസ്തികകൾ

178 (1163) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ബയോടെക്നോളജി വിഭാഗത്തിൽ നിലവിൽ എത്ര സ്ഥിരം അദ്ധ്യാപക തസ്തികകൾ ഉണ്ടെന്നും ഇവയിൽ എത്രയെണ്ണം ഗസ്റ്റ് തസ്തികകളാണെന്നും അറിയിക്കുമോ?

കേരള സർവകലാശാലയുടെ ബയോടെക്നോളജി വിഭാഗത്തിൽ നിലവിൽ രണ്ട് സ്ഥിരം അദ്ധ്യാപക തസ്തികകൾ ഉണ്ട് (അസ്സോസിയേറ്റ് പ്രൊഫസർ - 1, അസിസ്റ്റന്റ് പ്രൊഫസർ- 1).

LIBRARY ARCHIVES Kerala Legislative Assembly